ND. C. 20/16, dt. 24.05.16

24.05.2016

**നെയ്യാറ്റിൻകര എഡ്യൂക്കേഷൻ ട്രസ്റ്റ് (NET)**

വന്ദ്യ വൈദീകരേ, സന്യസ്തരേ, പ്രിയ സഹോദരരേ,

ജൂൺ 1-ാം തീയതി പുതിയ അധ്യയന വർഷം ആരംഭിക്കുകയാണ്. എല്ലാ വിദ്യാർത്ഥികൾക്കും പ്രത്യേകിച്ച് ഈ വർഷം ആദ്യമായി സ്കൂളിലേയ്ക്ക് പോകുന്ന 1-ാം ക്ലാസ്സിലെ കുഞ്ഞുങ്ങൾക്ക് പ്രാർത്ഥനാശംസകൾ നേരുന്നു.

നമ്മുടെ രൂപതാ അംഗങ്ങൾ അഭിമുഖീകരിക്കുന്ന ധാരാളം പ്രശ്നങ്ങളുണ്ട്. നമ്മുടെ രൂപതാംഗങ്ങളിൽ ബഹുപൂരിപക്ഷവും പരിശീലനം ലഭിക്കാത്ത തൊഴിലാളി വിഭാഗത്തിൽപ്പെടുന്നവരാണ്. ഉദ്യോഗസ്ഥ മേഖലകളിൽ പ്രത്യേകിച്ച് ഉന്നത തൊഴിൽ മേഖലകളിൽ ഉള്ളവർ വളരെ പരിമിതമാണ്. അതുകൊണ്ട് സാമ്പത്തികമായി നാം പിന്നോക്കരായി തുടരുന്നു. വിദ്യാഭ്യാസത്തിന്റെയും പരിശീലനത്തിന്റെയും കുറവ് നമ്മെ സാമൂഹികമായും രാഷ്ട്രീയമായും പിന്നോക്കരായി നിലനിർത്തുന്നു. പ്രായോഗിക ജീവിതത്തിൽ ഇത് ധാരാളം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

നമ്മുടെ കുടുംബങ്ങളിലെ ആൺകുട്ടികളിൽ വളരെ കുറച്ചുപേർ മാത്രമെ ഉന്നതവിദ്യാഭ്യാസം നേടുന്നുള്ളൂ. ഉന്നത വിദ്യാഭ്യാസം നേടുന്ന യുവതികൾക്ക് അനുയോജ്യമായ വിവാഹ പങ്കാളിയെ നമ്മുടെ സമുദായത്തിൽ നിന്ന് ലഭിക്കുന്നില്ല. വേണ്ടത്ര പഠനവും പരിശീലനവും ലഭിക്കാത്തതുകാരണം തൊഴിലില്ലാത്ത യുവജനങ്ങൾ നമ്മുടെ സമുദായത്തിൽ ധാരാളമുണ്ട്.

എന്തൊക്കെയാണ് ഈ പ്രശ്നങ്ങൾക്ക് കാരണം?നമ്മുടെ പല കുടുംബങ്ങളിലെയും കുട്ടികൾക്ക് വീട്ടിൽ പഠനസാഹചര്യം ലഭിക്കുന്നില്ല. ഉന്നത വിദ്യാഭ്യാസത്തിന സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നവരുണ്ട്. പലപ്പോഴും വിദ്യാഭ്യാസ പ്രക്രിയയെക്കുറിച്ച് മാതാപിതാക്കളുടെ അറിവില്ലായ്മയും ഈ പ്രശ്നങ്ങൾക്ക് കാരണമാകുന്നുണ്ട്. പല സ്ഥലങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ലാത്തതും മറ്റൊരു കാരണമാണ്. സമ്പത്തും സാഹചര്യവും ഉള്ള വീടുകളിലെ ചില കുട്ടികൾ ഈ അവസരങ്ങൾ ഉപയോഗിച്ച് പഠിച്ച് ഉയരണം എന്ന ചിന്തയില്ലാത്തവരാണ്. എല്ലാ പ്രതിബന്ധങ്ങളുടെയും മദ്ധ്യേ ഉന്നത നിലയിൽ പഠനം നടത്തുന്ന നമ്മുടെ മിടുക്കരായ കുട്ടികളെയും യുവജനങ്ങളെയും ഞാൻ അഭിനന്ദിക്കുന്നു. അതോടൊപ്പം നമ്മുടെ സമുദായത്തിന്റെ ഭാവിയെ സാരമായി ബാധിക്കുന്ന ഈ പ്രശ്നങ്ങളെ ഗൗരവമായി കാണണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ഇതിനു പരിഹാരമായി നമ്മുടെ രൂപതയ്ക്ക് എന്തു ചെയ്യാനാകുമെന്ന് ഞങ്ങൾ ഗൗരവമായി ഈ നാളുകളിൽ ചിന്തിച്ചു. നമുക്ക് രണ്ട് കോളേജുകളും 32 സ്കൂളുകളുമുണ്ട്. അതോടൊപ്പം ഇടവക-ഫൊറോന-രൂപതാ വിദ്യാഭ്യാസ സമിതികളുണ്ട്. പ്രതിഭാപോഷണം പോലുള്ള പരിശീലന പരിപാടികളുണ്ട്. എന്നാൽ നമ്മുടെ സമുദായത്തിന്റെ സമഗ്രവളർച്ചയ്ക്ക് ഉത്തേജനം നല്കാൻ ഈ പ്രവർത്തനങ്ങൾ പോര എന്ന് കണ്ടെത്തിയതിന്റെ വെളിച്ചത്തിൽ 2014 ഡിസംബറിൽ രൂപതാ സ്കൂളുകളുടെ ഭരണത്തിൽ നിന്ന് വേർപെടുത്തി ഒരു വിദ്യാഭ്യാസ സമിതിക്ക് രൂപം നല്കി. പ്രസ്തുത വിദ്യാഭ്യാസ സമിതിയുടെ ഓഫീസ് ലോഗോസ് സെന്ററിൽ പ്രവർത്തിച്ചുവരുന്നു. പ്രസ്തുത സമിതിയുടെ മേൽനോട്ടത്തിലാണ് ബി.സി.സി. തലം മുതൽ രൂപതാ തലം വരെയുള്ള വിദ്യാഭ്യാസ പ്രവർത്തനങ്ങളിപ്പോൾ നടന്നുവരുന്നത്.

നമ്മുടെ സമുദായത്തിന്റെ സമഗ്രവിദ്യാഭ്യാസ പ്രവർത്തനങ്ങൾ എങ്ങനെ നടത്തപ്പെടണം എന്നതിനെക്കുറിച്ച് വിദ്യാഭ്യാസ സമിതി ഒരു വർഷം നീണ്ട പഠനം നടത്തി. വിവിധ വിദ്യാഭ്യാസ മോഡലുകൾ, പരിശീലന രീതികൾ, വിവിധ രൂപതകളിലെ വിദ്യാഭ്യാസ സമിതികളുടെ പ്രവർത്തന രീതികൾ എന്നിവയെക്കുറിച്ച് അവർ പഠിച്ചു. പ്രസ്തുത പഠനങ്ങളുടെ വെളിച്ചത്തിൽ നമ്മുടെ രൂപതയ്ക്ക് അനുയോജ്യമായ ഒരു വിദ്യാഭ്യാസ പദ്ധതിയ്ക്ക് NET എന്ന പേരിൽ (Neyyattinkara Edn. Trust) അവർ രൂപം കൊടുത്തു. പ്രസ്തുത പദ്ധതിയുടെ ലക്ഷ്യം, രീതി, നിയമാവലി എന്നിവ അഭിവന്ദ്യ രൂപതാദ്ധ്യക്ഷന്റെ നേതൃത്വത്തിൽ രൂപതാ പാസ്റ്ററൽ കൗൺസിൽ, രൂപതാ സെനറ്റ് തുടങ്ങിയ സമിതികളിൽ അവതരിപ്പിച്ച് ചർച്ച നടത്തി. പ്രസ്തുത ചർച്ചകളിൽ പങ്കെടുത്തവരെല്ലാം ആർജ്ജവത്തോടെ ഈ പദ്ധതി നമ്മുടെ രൂപതയിൽ നടപ്പിലാക്കണം എന്നാണ് ആവശ്യപ്പെട്ടത്. അതിനാൽ നമ്മുടെ ഇടവകകൾ ഈ പദ്ധതി വളരെ പ്രാധാന്യത്തോടെ കണ്ട് നടപ്പിലാക്കണം എന്ന് അഭ്യർത്ഥിക്കുന്നു. ഇത് നമ്മുടെ രൂപതയിലെ 15 വയസിനു താഴെയുള്ള ഇരുപത്തിരണ്ടായിരത്തോളം വിദ്യാർത്ഥികളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും പദ്ധതിയാണ്. ഓരോ ബി.സി.സി. യുടെയും ഇടവകയുടെയും രൂപതയുടെയും പദ്ധതിയാണ്. ആത്യന്തികമായി നമ്മുടെ സമുദായത്തിന്റെ വിമോചനത്തിന്റെ മാർഗ്ഗമാണ്. വികാരിയച്ചന്മാരും സിസ്റ്റേഴ്സും പാരിഷ് കൗൺസിൽ അംഗങ്ങളും ബി.സി.സി. ലീഡേഴ്സും താൽപര്യമെടുത്ത് നമ്മുടെ ഇടവകകളിലെ 15 വയസ്സിനു താഴെയുള്ള എല്ലാ വിദ്യാർത്ഥികളെയും ഈ പദ്ധതിയിൽ അംഗങ്ങളാക്കുക.

## നെറ്റ് (NET) അഥവാ നെയ്യാറ്റിൻകര എഡ്യൂക്കേഷൻ ട്രസ്റ്റ്

15 വയസ്സിനു താഴെയുള്ള വിദ്യാർത്ഥികളുടെ സ്വയം സഹായ പദ്ധതിയാണ് നെറ്റ്. അഭിവന്ദ്യ രൂപതാദ്ധ്യക്ഷൻ ട്രസ്റ്റിയായുള്ള നെയ്യാറ്റിൻകര എഡ്യൂക്കേഷൻ പബ്ലിക് ചാരിറ്റബിൾ ട്രസ്റ്റിന്റെ കീഴിലാണ് NET പ്രവർത്തിക്കുന്നത്. രൂപതാ വിദ്യാഭ്യാസ സമിതി നെറ്റിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകും. നാലു തരത്തിലാണ് നെറ്റിന്റെ പ്രവർത്തനങ്ങൾ നടക്കുക.

1. കുട്ടികൾക്കാവശ്യമായ ഇടവക പരിശീലന പരിപാടികൾ.
2. മാതാപിതാക്കൾക്ക് ആവശ്യമായ അറിവ് നല്കൽ.
3. ശാസ്ത്ര വിഷയങ്ങളിലും ഗണിതശാസ്ത്രത്തിലും താൽപര്യമുള്ള കുട്ടികൾക്ക് മേഖലാ പരിശീലനം.
4. കുട്ടികളിൽ നിന്നും മറ്റ് അഭ്യുദയ കാംക്ഷികളിൽ നിന്നും ഓരോ ആഴ്ചയും 50 രൂപയോ അതിനു മുകളിലോ തുക ശേഖരിച്ച് ട്രസ്റ്റിന്റെ നേതൃത്വത്തിൽ ഷെഡ്യൂഡ് ബാങ്കിൽ നിക്ഷേപിക്കുകയും പ്രസ്തുത തുക പലിശ സഹിതം പ്ലസ് ടു പഠനത്തിനുശേഷം തിരിച്ചു നല്കുകയും ചെയ്യും. അതോടൊപ്പം അവരുടെ ഉന്നത പഠനത്തിന 17 വയസ്സു കഴിയുമ്പോൾ ഓരോ വർഷവും സ്കോളർഷിപ്പ് ഇടവകയിൽ വച്ച് നല്കും. ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്നതിന വിദ്യാഭ്യാസ-ബാങ്കിംഗ് മേഖലകളിലെ പ്രഗത്ഭരുടെ സമിതി പ്രവർത്തിക്കും. ഗവൺമെന്റ് നിയമങ്ങൾക്ക് അനുസൃതമായി കുറ്റമറ്റ രീതിയിലായിരിക്കും സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത്.

ഈ പദ്ധതി നമ്മുടെ രൂപതയിലെ എല്ലാ ഇടവകകളിലും നടപ്പിലാക്കുന്നതിന സമയബന്ധിത കർമ്മപദ്ധതി തയ്യാറാക്കിയിട്ടുണ്ട്;

2016 ജൂൺ മാസം : നെറ്റിന്റെ നിയമാവലി ഇടവക കൗൺസിലിലും വിദ്യാഭ്യാസ സമിതിയിലും ചർച്ച ചെയ്ത് ഏറ്റവും അനുയോജ്യരായ ഭാരവാഹികളെയും കണ്ടെത്തി പ്രവർത്തനം ആരംഭിക്കുക. കുട്ടികൾക്ക് അംഗത്വം നല്കുക.

| | | |
|---|---|---|
| 2016 ജൂലൈ മാസം | : | 31-ാം തീയതിയോടെ എല്ലാ കുട്ടികളുടെയും അംഗത്വ അപേക്ഷ രൂപതാ ഓഫീസിൽ എത്തിക്കുക. |
| 2016 ആഗസ്റ്റ് മാസം | : | രൂപതാതല പ്രവർത്തന ഉത്ഘാടനം |
| 2016 സെപ്റ്റംബർ മാസം | : | പ്രവർത്തനം ആരംഭിക്കുന്നു. |

പ്രസ്തുത പദ്ധതിയെക്കുറിച്ച് അറിവ് നല്കുന്നതിനായി അഞ്ച് മേഖലാ വിദ്യാഭ്യാസ കൺവെൻഷനുകൾ ജൂൺമാസം നടത്തപ്പെടുന്നു. ദയവായി ഇടവകയിലെ വൈദീകരും, സന്യസ്തരും ശുശ്രൂഷാ കോഡിനേറ്ററും എല്ലാ ബി.സി.സി. വിദ്യാഭ്യാസ പ്രതിനിധികളും കൺവെൻഷനിൽ പങ്കെടുക്കുക.

നമ്മുടെ രൂപതാമക്കളുടെ ശോഭനമായ ഭാവി മുന്നിൽ കണ്ട് നടപ്പിലാക്കുന്ന ഈ പദ്ധതിയുമായി സഹകരിക്കാൻ അഭ്യർത്ഥിച്ചുകൊണ്ട്,

നെയ്യാറ്റിൻകര
24.05.2016

സ്നേഹാശംസകളോടെ
**മോൺ ജി. ക്രിസ്തുദാസ്**

രൂപതാ അഡ്മിനിസ്ട്രേറ്റർ

N.B. ഈ സർക്കുലർ 2016 മെയ് 29 ഞായറാഴ്ച നമ്മുടെ രൂപതയിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി സമയത്ത് വായിച്ച് വിശദീകരിക്കുക.